**കോളേജ് വിദ്യാഭ്യാസ വകുപ്പ്**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – ഈ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലെ ഹെർബേറിയം കീപ്പറുടെ ഒഴിവിലേയ്ക്ക് 9190-15780 രൂപ ശമ്പള സ്കെയിലിൽ യോഗ്യരായ അറ്റൻഡർമാർക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

---

ഉത്തരവ് നമ്പർ സി 6/10574/2014/കോ.വി.വ തീയതി 03.02.2015.

---

പരാമർശം:
1) ഈ കാര്യാലയത്തിൽ നിന്നുള്ള 31.03.2014 ലെ ഇതേ നമ്പർ സർക്കുലർ.
2) 20.01.2015 ലെ സി6/10574/2014 നമ്പർ അന്തിമ മുൻഗണന പട്ടിക.
3) G.O (P) No.283/67/PD dated 02.09.1967.
4) G.O (P) No.85/2011/Fin. dated 26.02.2011.

**ഉത്തരവ്**

ഈ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ നിലവിലുള്ള രണ്ട് ഹെർബേറിയം കീപ്പർ തസ്തികയിലേയ്ക്കുള്ള ഒഴിവുകളിലേയ്ക്ക് യോഗ്യരായ അറ്റൻഡർമാരെ നിയമിക്കുന്നതിനായി പരാമർശം (1) പ്രകാരമുള്ള സർക്കുലറിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് പരാമർശം (2) പ്രകാരം അന്തിമ മുൻഗണനാപട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം എസ്.എസ്.എൽ.സി.യും ബോട്ടണി വകുപ്പിലെ 3 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും കണക്കിലെടുത്ത് പ്രസിദ്ധീകരിച്ചിട്ടുള്ള മുൻഗണനാ പട്ടികയിലെ അറ്റൻഡർമാരെ 9190-15780 രൂപ ശമ്പള സ്കെയിലിൽ താഴെ പറഞ്ഞിരിക്കുന്ന കോളേജുകളിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഹെർബേറിയം കീപ്പറായി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥാനക്കയറ്റം നലകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീ. രാമചന്ദ്രൻ. റ്റി<br>അറ്റൻഡർ<br>ഗവ. സംസ്കൃത കോളേജ്, പട്ടാമ്പി | ഗവ. സംസ്കൃത കോളേജ്, പട്ടാമ്പി |
| 2. | ശ്രീ. ഉണ്ണികൃഷ്ണൻ. കെ<br>അറ്റൻഡർ<br>ഗവ. വിക്ടോറിയ കോളേജ്, പാലക്കാട് | ഗവ. വിക്ടോറിയ കോളേജ്, പാലക്കാട് |

സ്ഥാനക്കയറ്റം ലഭ്യമായ ജീവനക്കാർ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ സ്ഥാപന മേധാവികൾ ഈ കാര്യാലയത്തിലേയ്ക്ക് അറിയിക്കേണ്ടതാണ്.

(ഒപ്പ്)
പി. ജയരാജ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്

1) ഉത്തരവിൽ പേരുള്ള വ്യക്തികൾക്ക്
2) പ്രിൻസിപ്പാൾ, ഗവ. സംസ്കൃത കോളേജ്, പട്ടാമ്പി
3) പ്രിൻസിപ്പാൾ, ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്
4) കരുതൽ ഫയൽ / നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.എച്ച് 3.2.15